# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

## തിരുവനന്തപുരം -695033

നമ്പർ-ബി1/33870/2020/സം.തി.ക

തീയതി: 18.01.2021

വിഷയം :- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പൊതു തിരഞ്ഞെടുപ്പ് 2020- പൊതുതിരഞ്ഞെടുപ്പിനു ശേഷം പുതിയതായി രൂപീകരിക്കുകയോ പുനർ രൂപീകരിക്കുകയോ ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, എന്നിവരുടെ തിരഞ്ഞെടുപ്പ്- തുടർ നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന :- 1.സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 13.12.2020- ലെ ഇതേ നമ്പർ സർക്കുലർ.

2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 16.12.2020- ലെ ഇതേ നമ്പർ സർക്കുലർ.
3. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 30.12.2020- ലെ ഇതേ നമ്പർ സർക്കുലർ

### സർക്കുലർ

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2020 ഡിസംബർ 8, 10, 14 തീയതികളിൽ നടന്ന പൊതുതിരഞ്ഞെടുപ്പിനെ തുടർന്ന് പുതിയതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ സംബന്ധിച്ചും തദ്ദേശസ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ തിരഞ്ഞെടുപ്പ് സംബന്ധിച്ചും സൂചന 1, 2 സർക്കുലറുകൾ പ്രകാരം കമ്മീഷൻ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. അത് പ്രകാരം 16.01.2021 ൽ സത്യപ്രതിജ്ഞ/ദൃഢ സത്യപ്രതിജ്ഞ ചെയ്ത മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിൽ **25/01/2021 (തിങ്കൾ) നും** 01.02.2021 ൽ സത്യപ്രതിജ്ഞ/ദൃഢ സത്യപ്രതിജ്ഞ ചെയ്യേണ്ട മലപ്പുറം ജില്ലയിലെ മംഗലം, വെട്ടം, തിരുനാവായ, മക്കരപ്പറമ്പ്, എന്നീ ഗ്രാമപഞ്ചായത്തുകളിലും തിരൂർ ബ്ലോക്ക് പഞ്ചായത്തിലും **08.02.2021 (തിങ്കൾ)** നും പ്രസിഡന്റ് തിരഞ്ഞെടുപ്പ് രാവിലെ 11 മണിക്കും വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് ഉച്ചയ്ക്ക് ശേഷം 2.00 മണിക്കും സൂചന 2 ലെ നിർദ്ദേശങ്ങൾ പ്രകാരം നടത്തുന്നതിന് നിർദ്ദേശിക്കുന്നു. കൂടാതെ പ്രസ്തുത തിരഞ്ഞെടുപ്പുകൾക്ക് ശേഷം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ തിരഞ്ഞെടുപ്പ് സൂചന 3 ലെ നിർദ്ദേശങ്ങൾ പ്രകാരം നടത്തുന്നതിനും നിർദ്ദേശിക്കുന്നു.

എ.സന്തോഷ്
സെക്രട്ടറി

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ & ജില്ലാ കള്കടർ, മലപ്പുറം
ബന്ധപ്പെട്ട വരണാധികാരികൾക്ക് ( ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുഖേന)

പകർപ്പ്:-

പഞ്ചായത്ത് ഡയറക്ടർ,
ഗ്രാമവികസന കമ്മീഷണർ,
ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങലെ സെക്രട്ടറിമാർക്ക്,
എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
പബ്ലിക് റിലേഷൻസ് ഓഫീസർ
സ്റ്റാന്റിംഗ് കൗൺസിൽ,
കമ്പ്യൂട്ടർ പ്രോഗ്രാമർ
കമ്മീഷണറുടെ സി.എ. / സെക്രട്ടറിയുടെ സി.എ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

'ജനഹിതം' , റ്റി.സി.27/6(2), വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം -695 033
ഫോൺ : **0471-2325048 (Administration), 2337884 (Election)**
**e-mail:cru.sec@kerala.gov.in, electionker@gmail.com**
**website:www.sec.kerala.gov.in**